


സൈബർ ജാഗരൂഗതാ ദിവസിന്റെ എറണാകുളം റൂറൽ ജില്ലാ തല ഉദ്ഘാടനം നായത്തോട് മഹാകവി ജി മെമ്മോറിയൽ ഗവ:ഹയർ സെക്കൻററി സ്കൂളിൽ നടന്ന ചടങ്ങിൽ നെടുമ്പാശ്ശേരി സബ് ഇൻസ്പെക്ടർ പി.പി.സണ്ണി നിർവ്വഹിച്ചു. പ്രിൻസിപ്പാൾ എസ്.സുനിൽകുമാർ അധ്യക്ഷത വഹിച്ചു. സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എസ്.ഐ എ.ബി.റഷീദ് അധ്യാപകരായ വി.എൻ.രതീഷ്, പി.വൈ.രാജേഷ്, വി.കെ.ഗീത തുടങ്ങിയവർ പ്രസംഗിച്ചു. സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ പി.എം.തൽഹത്ത് ക്ലാസ് നയിച്ചു. വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും സൈബർ സുരക്ഷയെക്കുറിച്ച് ബോധവൽക്കരണം നൽകുകയാണ് ലക്ഷ്യം. കേന്ദ്ര ഗവൺമെൻറും, കേരളാ പോലീസും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പയിനുകൾ,മത്സരങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്